എറണാകുളം-തൊടുപുഴ വഴി രാമമംഗലം സർവ്വീസ്

830. [1024] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം-തൊടുപുഴ വഴി രാമമംഗലം സർവ്വീസ് നടത്തി കൊണ്ടിരുന്ന കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസ് നിറുത്തലാക്കിയതു ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണമെന്ത് ;

(സി) ഈ സർവ്വീസ് പുനരാരംഭിക്കുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഈ സർവ്വീസ് സ്ഥിരമായി നിറുത്തി വച്ചിട്ടില്ല. വാഹനങ്ങളുടെ ദൗർലഭ്യംമൂലം താൽക്കാലികമായി ഓടിക്കാതിരിക്കുന്നതാണ്.

(സി) വാഹനങ്ങളുടെ ലഭ്യതയനുസരിച്ച് സർവ്വീസ് പുനരാരംഭിക്കുന്നതാണ്.

കോട്ടയം-ചെങ്ങര ബസ് സർവ്വീസ്

831. [1025] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം-ചെങ്ങര റൂട്ടിലോടുന്ന ബസ് സർവ്വീസ് മുടക്കം കൂടാതെ നടത്തുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

നിർദ്ദേശം നൽകിക്കഴിഞ്ഞു.

ചോറാനിക്കര സർവ്വീസ് നടത്തുന്ന ബസ്സുകൾ മുളന്തുരുത്തിവരെ നീട്ടണമെന്ന ആവശ്യം

832. [1026] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചോറാനിക്കരവരെ സർവ്വീസ് നടത്തുന്ന സിറ്റി സർവ്വീസു ബസ്സുകൾ മുളംതുരുത്തിവരെ നീട്ടണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ നിർദ്ദേശം പരിഗണിക്കുമോ ?

ഉത്തരം

(എ) എറണാകുളത്തുനിന്നും ചോറാനിക്കരവരെ കെ. എസ്. ആർ. ടി. സി. സിറ്റി ബസ് സർവ്വീസുകൾ നടത്തുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഗുരുവായൂർ-ചോറാനിക്കര ഫാസ്റ്റ്പാസഞ്ചർ സർവ്വീസ് പിറവത്തിനു നീട്ടണമെന്ന ആവശ്യം

833. [1027] ശ്രീ. ബെന്നി ബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ-ചോറാനിക്കര സർവ്വീസ് നടത്തുന്ന ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് പിറവത്തിനു നീട്ടണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly